**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1253** **19-06-2024 - ൽ മറുപടിയ്ക്ക്**

**എം.സി റോഡ് നാലുവരി പാതയാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എം.സി റോഡ് നാലുവരി പാതയാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 239 പ്രകാരം എം.സി റോഡിന്റെയും, കൊല്ലം-ചെങ്കോട്ട റോഡിന്റെയും വികസനത്തിനായി കിഫ്ബി മുഖേന 1500 കോടി രൂപ വകയിരുത്തിയിരുന്നു. കേശവദാസപുരം മുതൽ അങ്കമാലി വരെയുള്ള എം.സി റോഡും, കൊല്ലം - ചെങ്കോട്ട റോഡും നാലുവരിപ്പാതയാക്കുന്ന പ്രവൃത്തികൾക്കായി 1500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. എം.സി റോഡ് നാലുവരി പാതയാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത റോഡ് നാലുവരിയാക്കുന്നതിനായുള്ള പ്രവൃത്തികൾ എവിടെയെങ്കിലും ആരംഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; | (ബി) | എം.സി റോഡ് നാലുവരിയാക്കുന്ന പ്രവൃത്തിയുടെ ഭാഗമായ കൊട്ടാരക്കര ബൈപാസ് റോഡ് നിർമ്മാണത്തിന്റെ ആദ്യഘട്ടമായി ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി കിഫ്ബി 110.36 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായി 6(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും, അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിപൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ നിലവിൽ പ്രവൃത്തി എവിടെയും ആരംഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ ലാന്റ് അക്വിസിഷൻ പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്നും നിർവഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ ലാന്റ് അക്വിസിഷൻ പ്ലാൻ, ഡി.പി.ആർ എന്നിവ തയ്യാറാക്കുന്നത് പൊതുമരാമത്ത് ഡിസൈൻ വിഭാഗമാണ്. കെ.ആർ.എഫ്.ബി (പി.എം.യു) ആണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | എം.സി റോഡും, കൊല്ലം-ചെങ്കോട്ട റോഡും നാലുവരിപ്പാതയാക്കുന്ന പ്രവൃത്തികൾക്കായി 1500 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ